# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *95 28.04.2017 -ൽ മറുപടിക്ക്**

**കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി. അൻവർ<br>,, കെ.സുരേഷ് കുറുപ്പ്<br>,, സി.കൃഷ്ണൻ<br>,, രാജു എബ്രഹാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതികൾ ഏതൊക്കെ യെന്നും അവയുടെ പ്രവർത്തന പുരോഗതിയും അറിയിക്കുമോ; | (എ) KSTP രണ്ടാംഘട്ടത്തിൽ റോഡ് പുനർ നിർമ്മാണ വിഭാഗത്തിൽ താഴെ വിവരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.<br><br>**പാക്കേജ് I**<br>കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ടൗണിലെ 2 കി.മീറ്റർ ഭാഗത്തെ ഇലക്ട്രിക്കൽ കേബിൾ മാറ്റുന്നതിനുള്ള സാങ്കേതിക തടസ്സം കാരണം, പ്രസ്തുത ഭാഗം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പടെയുള്ള പണികൾ പുരോഗമിച്ചു വരുന്നുണ്ട്. ഈ പ്രവൃത്തിയുടെ അടങ്കൽ തുക 133.65 കോടി രൂപയാണ്.<br><br>**പാക്കേജ് II**<br>പിലാത്തറ — പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ) - 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലവും, രാമപുരം പാലത്തിന്റെ അപ്രോച്ച്, പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ ടാറിംഗ് ഉൾപ്പെടെ 5 കി.മീറ്റർ ടാറിംഗ് ഒഴിച്ചുള്ള റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 118.20 കോടി രൂപയാണ്.<br><br>**പാക്കേജ് III A**<br>തലശ്ശേരി - കളറോഡ് റോഡ് (28.8 കി.മീ) - ഈ പ്രവൃത്തി 31.05.2016 ന് ആരംഭിച്ചു. 6% നിർമ്മാണ |

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30.05.2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 154.59 കോടി രൂപയാണ്.

**പാക്കേജ് III B**

കളറോഡ് - വളവുപാറ റോഡ് (25.2 കി.മീ) - ഈ പ്രവൃത്തി 10.06.2016 ന് ആരംഭിച്ചു. 11% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 25.09.2018 വരെ നിർമ്മാണ കാലാവധിയുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 209.58 കോടി രൂപയാണ്.

**പാക്കേജ് IV**

ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.8 കി.മീ) - 68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 24.11.2017 നാളിൽ അവസാനിക്കുന്നതാണ്. കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അടങ്കൽ തുക 293.58 കോടി രൂപയാണ്.

**പാക്കേജ് IV A**

തിരുവല്ല ബൈപ്പാസ് (2.3 കി.മീ) - 61% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടി വന്നതിനാലും സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാകാത്ത തിനാലും പ്രവൃത്തിയുടെ പുരോഗതി ഉദ്ദേശിച്ച രീതിയിൽ കൈവരിക്കാനായിട്ടില്ല. പ്രവൃത്തിയുടെ അടങ്കൽ തുക 31.80 കോടി രൂപയാണ്.

**പാക്കേജ് V**

ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ( 40.96 കി.മീ) - 64% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.പൂർത്തീകരണ കാലാവധി 27.10.2017 ആണ്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 171.49 കോടി രൂപയാണ്.

**പാക്കേജ് VI**

പൊൻകുന്നം - തൊടുപുഴ (50 കി.മീ) - 99% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടങ്കൽ തുക 227.13 കോടി രൂപയാണ്.

**പാക്കേജ് VII**

പെരിമ്പിലാവ് - പെരിന്തൽമണ്ണ (41 കി.മീ) - ഉപരിതലം പുതുക്കൽ 2017 മാർച്ചിൽ പൂർത്തീകരിച്ചു.

**പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി**

പുനലൂർ - പൊൻകുന്നം റോഡ് - പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിന് ലോകബാങ്കിന്റെ അംഗീകാരം കിട്ടിയതിനു ശേഷം ആനിവിറ്റി ക്ഷണിക്കുന്നതാണ്.

റോഡ് സുരക്ഷാ നടത്തിപ്പിന്റെ ഭാഗമായി കഴക്കൂട്ടം - അടൂർ (80 കി.മീ) മോഡൽ സുരക്ഷാ റോഡ് പദ്ധതി 28.12.2016 ൽ ആരംഭിച്ചു. പൂർത്തീകരണ കാലാവധി 27.04.2018 ആണ്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തിയുടെ അടങ്കൽ തുക 148.22 കോടി രൂപയാണ്. ഈ പദ്ധതിയിൽപ്പെടുത്തി തകരാറിലായ ഏനാത്ത് പാലത്തിന്റെ ഭാഗീക പുനർ നിർമ്മാണം പുരോഗമിച്ചു വരുന്നു. കരസേനയുടെ ബെയ്‌ലി പാലം പണികളും പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| (ബി) | പ്രവൃത്തികൾ നിർദ്ദിഷ്ട രീതിയിൽ പുരോഗമിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | പാക്കേജ് I, II, IV A, പുനലൂർ - പൊൻകുന്നം പി.പി.പി - പദ്ധതി എന്നീ പ്രവൃത്തികൾ നിർദ്ദിഷ്ട രീതിയിൽ പുരോഗമിക്കുന്നില്ല. റോഡ് സുരക്ഷാ നടത്തിപ്പിലുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പുരോഗമിക്കുന്നു. യഥാസമയം അവലോകന യോഗം കൂടി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, കോൺട്രാക്ടർക്കും കൺസൾട്ടന്റ് എഞ്ചിനീയർക്കും, കെ.എസ്.ടി.പി എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഫണ്ടിംഗ് ഏജൻസികൾ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് പ്രവൃത്തികൾ നിശ്ചിത സമയത്ത് തന്നെ പൂർത്തീകരിക്കണമെന്നും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം, സ്ഥലമെടുപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ് നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരവും MoRTH സ്പെസിഫിക്കേഷൻ അനുസരിച്ചുമാണ് ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾക്ക് |

മേൽനോട്ടം വഹിക്കുന്നത് അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരെഞ്ഞെടുത്ത കൺസൾട്ടന്റിനെ ഉപയോഗിച്ചാണ്. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രധാന നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ലാബുകളിൽ ഉറപ്പ് വരുത്തിയതിനു ശേഷമാണ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഖനനം ചെയ്യെടുക്കുന്ന സ്ഥലത്തും പണിയിൽ ഉപയോഗിക്കുമ്പോഴും അതിനു ശേഷവും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. ഇതിനായി പ്രത്യേക ലബോറട്ടറികൾ എല്ലാ പ്രവൃത്തികളിലും കരാറുകാരൻ തന്നെ സ്ഥാപിച്ച് ആവശ്യമായ എല്ലാ ഗുണനിലവാര പരിശോധനയും നടത്തുന്നത് കൺസൾട്ടന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ്. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തു ന്നതിനും പ്രാഗത്ഭ്യം നേടിയ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിനുള്ള ദർഘാസ് നടപടികളും പുരോഗമിച്ചു വരുന്നു.

S. Brinda

**സെക്ഷൻ ഓഫീസർ**